പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4670 18/12/2014 ൽ മറുപടിക്ക്

## കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ശിവൻകുട്ടി** | **ശ്രീ. പി.കെ. അബ്ദു റബ്ബ്** (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് നാല് വർഷം കഴിഞ്ഞതിനു ശേഷവും 246 പേരുള്ള ഈ ലിസ്റ്റിൽ നിന്നും നിയമനങ്ങൾ കാര്യമായി നടക്കാത്തതിനെത്തുടർന്ന് എത്രയും വേഗം പ്രസ്തുത തസ്തികയിലേക്കുള്ള ഒഴിവുകൾ റിപ്പോർട്ടു ചെയ്യണമെന്ന് 18/09/2014 ൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിട്ടതിനു ശേഷവും 26/09/2014, 27/09/2014 എന്നീ തീയതികളിൽ മേൽപറഞ്ഞ ഉത്തരവ് ലംഘിച്ചുകൊണ്ട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, പുനർവിന്യാസ ഉത്തരവു പുറപ്പെടുവിക്കാൻ കാരണമെന്താണെന്നും പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ; | എ) 2014-2015 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 1:45 അനുപാതത്തിൽ 228 എച്ച്.എസ്.എ. (മലയാളം) തസ്തികകളാണ് കണ്ണൂർ ജില്ലയിൽ നിലവിലുള്ളത്. എന്നാൽ 236 പേർ ജോലി ചെയ്തു വരുന്നുണ്ട്. നിലവിൽ 8 പേർ അനുവദനീയമായതിലും കൂടുതലായതിനാൽ 1:35 അനുപാതത്തിൽ താൽക്കാലികമായി അതാത് സ്കൂളുകളിൽ നിലനിർത്തിയിരിക്കുകയാണ്. 18/09/2014 ലെ ഉത്തരവ് പ്രകാരം നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശിച്ചുവെങ്കിലും തസ്തികയിൽ ഒഴിവില്ലാത്തതിനാൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| ബി) പ്രതീക്ഷിത റിട്ടയർമെന്റ് ഒഴിവുകൾ ഉൾപ്പെടെ പ്രസ്തുത തസ്തികയിലെ എല്ലാ ഒഴിവുകളും എന്നത്തേക്ക് റിപ്പോർട്ട് ചെയ്യും എന്ന് വിശദമാക്കുമോ; | ബി) അദ്ധ്യാപകരുടെ തസ്തിക നിർണ്ണയിക്കുന്നത് ഓരോ വർഷവും റോളിലുള്ള വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ചാണ്. ഇക്കാരണത്താൽ ഓരോ അധ്യയന വർഷവും തസ്തിക നഷ്ടപ്പെടുവാൻ സാധ്യതയുള്ളതിനാലും നിലവിൽ 8 പേർ അധികമായി ജോലി ചെയ്യുന്നതിനാലും പ്രതീക്ഷിത ഒഴിവുകൾ തൽക്കാലം റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുന്നതല്ല. |
| സി) കണ്ണൂർ ജില്ലയിൽ എച്ച്.എസ്.എ. മലയാളം അദ്ധ്യാപക നിയമനത്തിൽ 1:35 എന്ന അനുപാതം നിലനിർത്തി, 26/09/2014, 27/09/2014 എന്നീ തീയതികളിൽ പുനർവിന്യാസം നടത്തി നിയമിച്ചവരെ മാതൃവിദ്യാലയത്തിലേക്കു തിരിച്ചയക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ